**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5825** **16-03-2023 - ൽ മറുപടിയ്ക്ക്**

**ചൈൽഡ് ലൈൻ പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ചൈൽഡ് ലൈൻ പ്രോജക്ടിനെ കേന്ദ്ര സർക്കാർ സമഗ്ര ശിശു സംരക്ഷണ സേവന പദ്ധതിയായി മിഷൻ വാൽസല്യയിൽ ലയിപ്പിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ചൈൽഡ് ഹെൽപ്പ് ലൈൻ നമ്പറായ 1098, വിമൻ ഹെൽപ്പ് ലൈൻ നമ്പറായ 181 എന്നിവ എമർജൻസി ഹെൽപ്പ് ലൈൻ നമ്പറായ 112-മായി ലയിപ്പിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | ഇപ്രകാരം ലയിപ്പിക്കുമ്പോൾ ചൈൽഡ് ലൈൻ പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്ത് ആയിരക്കണക്കിന് കുട്ടികളെ അരക്ഷിതാവസ്ഥയിൽ നിന്ന് മോചിപ്പിക്കുകയും അവരുടെ അവകാശ സംരക്ഷണത്തിനായി നിരന്തരം പ്രവർത്തിച്ചുവരികയും ചെയ്യുന്ന നിർവഹണ ഏജൻസികളെയും (NGO) സ്റ്റാഫ് അംഗങ്ങളെയും പുതിയ സംവിധാനത്തിലേക്ക് ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ? | (ബി) | എമർജൻസി ഹെൽപ്പ് ലൈൻ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ഗൈഡ് ലൈൻ (SOP) കേന്ദ്ര സർക്കാർ ഇത് വരെ പുറത്തിറക്കിയിട്ടില്ല. കേന്ദ്ര സർക്കാർ ഗൈഡ് ലൈൻ പുറപ്പെടുവിച്ച ശേഷം മാത്രമേ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ